**വനം വകുപ്പിൽ കോൺട്രാക്ട് സിസ്റ്റം നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് കോൺട്രാക്ടർമാർ ബഹു.വനം വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിലെ വിഷയങ്ങൾ പരിശോധിക്കുന്നതിനായി ബഹു.മന്ത്രിയുടെ ചേമ്പറിൽ 10.01.2018-ൽ വിളിച്ചു ചേർത്ത വനം വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിന്റെ നടപടിക്കുറിപ്പ്.**

യോഗം രാവിലെ 11.30 ന് ആരംഭിച്ചു. യോഗത്തിൽ പങ്കെടുത്തവരുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. വനം വകുപ്പിൽ നിലവിലുണ്ടായിരുന്ന കൺവീനർ സമ്പ്രദായത്തിന് പകരമായി കോൺട്രാക്ട് സംവിധാനം നടപ്പിലാക്കിക്കൊണ്ട് 20.05.2017-ലെ സ.ഉ (കൈ) നം. 26/17/വനം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൺവീനർ സിസ്റ്റം അവസാനിപ്പിച്ചത് സർക്കാരിന്റെ നയപരമായ തീരുമാനമാണെന്ന് ബഹു. മന്ത്രി അഭിപ്രായപ്പെട്ടു. ഈ സംവിധാനത്തിനെക്കുറിച്ച് ചില പരാതികൾ ഉയർന്ന് വന്നതിനെക്കുറിച്ചും, കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച പുരോഗതിയും ബഹു.മന്ത്രി ആരാഞ്ഞു. കൂടാതെ കോൺട്രാക്ടർമാർ ബാങ്ക് ഗാരന്റിയായി പൊതുമരാമത്ത് വകുപ്പിനെക്കാൾ കൂടുതലായി തുക കെട്ടിവെക്കേണ്ടതുണ്ടെന്ന് പരാതി ലഭിച്ചിട്ടുള്ളതിന്റെ നിജസ്ഥിതി എന്താണെന്നും, മാതൃഭൂമി പത്രത്തിൽ 'ആദിവാസികൾക്ക് തൊഴിൽ നഷ്ടമാകുന്നു' എന്ന ഒരു വാർത്ത വന്നിരുന്നു എന്നും ആയതിനാൽ ആദിവാസികൾക്ക് തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് ചെയ്തിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കുന്നതിന് വനം വകുപ്പിലെ യോഗത്തിന് സന്നിഹിതരായ ഉദ്യോഗസ്ഥരോട് ബഹു.മന്ത്രി ആവശ്യപ്പെട്ടു.

ബാങ്ക് ഗാരന്റിയായി പൊതുമരാമത്ത് വകുപ്പിൽ എ, ബി, സി എന്നീ വിഭാഗങ്ങളിലുള്ള കോൺട്രാക്ടർമാർ കെട്ടി വെക്കേണ്ടതായ തുക യഥാക്രമം 1 കോടി, 50 ലക്ഷം, 10 ലക്ഷം എന്നിങ്ങനെയാണ്. വനം വകുപ്പിൽ ഈ തുക യഥാക്രമം 15 ലക്ഷം, 10 ലക്ഷം, 5 ലക്ഷം എന്നാണ് നിജപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ, വനം വകുപ്പ് ഈടാക്കുന്ന തുക പൊതുമരാമത്ത് വകുപ്പിനേക്കാളും വളരെ കുറവാണ്. എന്നാൽ പൊതുമരാമത്ത് വകുപ്പിലേതു പോലെ വളരെയധികം

പ്രവൃത്തികൾ കോൺട്രാക്ടർമാർക്ക് ലഭിക്കാനുള്ള സാധ്യത വനം വകുപ്പിൽ ഇല്ലാത്തതാണ്. കോൺട്രാക്ടർമാരായി നിലവിൽ 80 രജിസ്ട്രേഷനുകൾ നടന്നിട്ടുണ്ട്. രജിസ്ട്രേഷൻ ഇനിയും തുടരുന്നുണ്ട്. നിലവിലുള്ള സർക്കാർ ഉത്തരവിൽ (ഗൈഡ് ലൈൻ 5.15) കോൺട്രാക്ടർമാർ ആദിവാസികൾക്ക് പരിഗണന നൽകുന്നതിന് വ്യവസ്ഥയുള്ളതാണ്. ഇത് നിർബന്ധമാക്കിയിട്ടില്ല. ഇ.ഡി.സികൾക്ക് കോൺട്രാക്ട് നൽകുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കാവുന്നതാണ് എന്നിങ്ങനെയുള്ള വിവരങ്ങൾ വനം വകുപ്പ് ഉദ്യോഗസ്ഥർ യോഗത്തിൽ ബോധിപ്പിക്കുകയുണ്ടായി.

മേൽപറഞ്ഞ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്തതിനുശേഷം യോഗം താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

1. കോൺട്രാക്ട് സംവിധാനം നിലവിലെ രീതിയിൽ തന്നെ തുടരേണ്ടതാണ്.
2. സംവിധാനത്തിന് എന്തെങ്കിലും ഭേദഗതികൾ ആവശ്യമുണ്ടെങ്കിൽ, പ്രായോഗികത കണക്കിലെടുത്ത് നടപടി സ്വീകരിക്കാവുന്നതാണ്.
3. കോൺട്രാക്ടർമാർ പ്രവൃത്തികൾക്ക് തൊഴിലാളികളെ തിരഞ്ഞെടുക്കുമ്പോൾ പ്രദേശത്ത് ലഭ്യമായ ആദിവാസികൾക്ക് പരമാവധി തൊഴിൽ നൽകുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് ഉതകുന്ന വിധത്തിൽ ഡിവിഷൻ തിരിച്ച് തൊഴിലിന് സജ്ജരായ ആദിവാസികളുടെ പട്ടിക തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
4. കോൺട്രാക്ട് ചെയ്യുന്ന സമയത്ത് തന്നെ ഒരു നിശ്ചിത ശതമാനം ആദിവാസികൾക്ക് തൊഴിൽ ഉറപ്പ് നൽകേണ്ടതാണ്.
5. ഇ.ഡി.സി-കളെ ടെണ്ടർ പ്രക്രിയയിൽ പങ്കെടുപ്പിക്കുന്നതിന് സാധിക്കുമോ എന്നത് സംബന്ധിച്ച് ഒരു പരിശോധന നടത്തേണ്ടതാണ്.

യോഗം 12.30 മണിക്ക് അവസാനിച്ചു.